## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 201 — 13.02.2013 ലെ മറുപടിയ്ക്ക്

### കെ. എസ്. എഫ്. ഇ. വിദ്യാഭ്യാസ ചിട്ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ ചിട്ടി ആരംഭിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. **"കെ.എസ്.എഫ്.ഇ. എഡ്യുകെയർ"** എന്ന പേരിൽ ഒരു വിദ്യാഭ്യാസ പദ്ധതി ആരംഭിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നു. |
| (ബി) | ഇതിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി മിത വ്യയത്തിലൂടെയും ലഘുസമ്പാദ്യത്തിലൂടെയും തുക സംഭരിയ്ക്കാവുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്യിരിയ്ക്കുന്നത്. |
| (സി) | ഏതെല്ലാം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളെയാണ് പ്രസ്തുത ചിട്ടിയിൽ പങ്കെടുപ്പിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നത്; | (സി) | അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരെയുള്ള ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളെയാണ് പ്രസ്തുത പദ്ധതിയിൽ പങ്കെടുപ്പിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നത്. |
| (ഡി) | വിദ്യാർത്ഥികൾക്ക് ഇതുവഴി ലഭിയ്ക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | പന്ത്രണ്ടാം ക്ലാസ്സിനു ശേഷം ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന രീതിയിൽ, തുക മെച്ചപ്പെട്ട പലിശയോടു കൂടി ലഭിയ്ക്കുന്നു എന്നതാണ് ഇതിൻെറ പ്രത്യേകത. |

സെക്ഷൻ ഓഫീസർ.